# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2710 — 17/06/2019-ന് മറുപടിക്ക്

## അണക്കെട്ടുകളുടെ പ്രവർത്തനത്തിന് വേണ്ട മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പ്രളയകാരണങ്ങളും നാശനഷ്ടത്തിന്റെ ആക്കം കൂട്ടിയ ഘടകങ്ങളും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) ജലസംഭരണികളും വെള്ളം സംഭരിച്ചു വച്ചത് കനത്തമഴയിൽ ഒന്നിച്ചു തുറന്നുവിട്ടതും സ്ഥിതി രൂക്ഷമായതുമായ കാര്യം പരിശോധിച്ചിട്ടുണ്ടോ;<br>(സി) ജലസംഭരണികൾ നിറയുന്നതുവരെ കാത്തിരുന്നതും അപ്രതീക്ഷിതമായി തുറന്നു വിട്ടതും പ്രളയം ഗുരുതരമാക്കിയെന്ന കാര്യം പരിശോധിക്കുമോ; | (ബി) & (സി) | ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകൾ തുറന്നു വിട്ടത് കാരണം പ്രളയമുണ്ടായതായി കണ്ടെത്തിയിട്ടില്ല. കേന്ദ്ര ജലകമ്മീഷൻ വിശദമായ പഠനം നടത്തി കേരളത്തിലുണ്ടായ പ്രളയത്തിനു കാരണം ഇവിടെയുണ്ടായ ശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ , ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും അമേരിക്കയിലെ പർഡ്യൂ സർവ്വകലാശാലയും സംയുക്തമായി നടത്തിയ പഠനത്തിൽ , കേരളത്തിലുണ്ടായ പ്രളയത്തിനു കാരണം ശക്തമായ മഴ തന്നെയാണെന്നും റിസർവ്വോയർ operate ചെയ്ത രീതിയല്ല അതിനു കാരണമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) ജനങ്ങൾക്ക് വേണ്ട മുന്നറിയിപ്പുകൾ നൽകിയില്ലെന്ന കാര്യം പരിശോധിക്കുമോ; | (ഡി) | ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകൾ തുറക്കുന്നതിന് മുൻപ് അതാത് ഡാമിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജില്ലാ ഭരണാധികാരികളുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ് നൽകിയ ശേഷമാണ് ജലം നിയന്ത്രിതമായി തുറന്നു വിട്ടത്. |
| (ഇ) ഡാമുകളിൽ ചെളിയും മണ്ണും അടിഞ്ഞത് പ്രളയത്തിന്റെ ആക്കം കൂട്ടിയതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഇ) | ഡാമുകളിൽ ചെളിയും മണ്ണും അടിഞ്ഞത് പ്രളയത്തിന് ആക്കം കൂട്ടിയതായി പഠന റിപ്പോർട്ടുകളിൽ (CWC റിപ്പോർട്ട്) പ്രതിപാദിച്ചിട്ടില്ല. |
| (എഫ്) പ്രളയ വേളകളിൽ അണക്കെട്ടുകൾ പ്രവർത്തിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; | (എഫ്) | പ്രളയ വേളയിൽ സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകൾ മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രവർത്തിപ്പിച്ചിട്ടുള്ളത്. |

| | |
|---|---|
| (ജി) ദേശീയ ജലനയത്തിനും മറ്റു മാർഗ്ഗരേഖകൾക്കും അനുസൃതമായാണോ ഓരോ ഡാമിന്റെയും പ്രളയ നിയന്ത്രണ മേഖല പരിപാലിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ജി) കേന്ദ്രജല കമ്മീഷൻ (CWC) തയ്യാറാക്കി നൽകുന്ന , CWC ഗൈഡ് ലൈൻസ് അനുസരിച്ചുള്ള ഇനൻഡേഷൻ മാപ്പിന്റെ അടിസ്ഥാനത്തിലാണ് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഓരോ ഡാമിനും പ്രളയനിയന്ത്രണത്തിന് ഉൾപ്പെടെയുള്ള Emergency Action Plan തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ